പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് അവസരമൊരുക്കുന്നതിനായി സജ്ജമാക്കിയതാണ് 'മുകുളം' പോർട്ടൽ. സർക്കാരിന്റെ നൂറുദിന കർമ്മപദ്ധതിയുടെ ഭാഗമായി കൈറ്റ് തയ്യാറാക്കിയ ഈ പോർട്ടലിൽ പ്രവേശന പരീക്ഷാ തയ്യാറെടുപ്പിനൊപ്പം കുട്ടികൾക്ക് അവരുടെ സ്കൂളിലെ പാഠഭാഗങ്ങൾ മനസിലാക്കുന്നതിനാവശ്യമായ റിസോഴ്സുകളും സൗകര്യങ്ങളുമുണ്ട്. അധ്യാപകർക്ക് ക്ലാസ് റൂം പഠനപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാശ്യമായ ടൂളുകളും എ ഐ(AI) സാങ്കേതികവിദ്യാ സൗകര്യങ്ങളും ഈ പോർട്ടലിൽ(https://mukulam.kite.kerala.gov.in) ലഭ്യമാണ്. പതിനൊന്ന് പന്ത്രണ്ട് ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പോർട്ടൽ ഉപയോഗിക്കുന്നതിനാവശ്യമായ ലോഗിൻ സൗകര്യവും സ്കൂൾമുഖേന പോർട്ടലിന്റെ പ്രവർത്തനങ്ങൾക്കായി നൽകുന്നുണ്ട്. NEET, JEE, CUET, KEAM തുടങ്ങിയ പ്രവേശന പരീക്ഷകളെ ആത്മവിശ്വാസത്തോടെ നേരിടാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനാവശ്യമായ പ്രത്യേക റിസോഴ്സുകളും ചോദ്യബാങ്കുകളും പരീക്ഷകളുമൊക്കെ പോർട്ടലിന്റെ ഭാഗമാണ്.

കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ മേൽനോട്ടവും അവലോകനവും നടത്തുന്നതിന് അധ്യാപകർക്കും പോർട്ടലിൽ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. പോർട്ടലിലെ സൗകര്യങ്ങൾ ഫലപ്രദമായി കുട്ടികൾ ഉപയോഗിക്കുന്നതിനും അതിന്റെ മേൽനോട്ടത്തിനും സഹായത്തിനുമായി വിവിധ തലത്തിലുള്ള ലോഗിനുകൾ തയ്യാറാക്കിയിട്ടുണ്ട്. കുട്ടികൾക്കും അധ്യാപകർക്കും പോർട്ടലിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഒരുക്കുന്നതെങ്ങനെയെന്നും ഓരോ ലോഗിനിലും(വിദ്യാർത്ഥികൾ, അധ്യാപകർ, നോഡൽ ടീച്ചർ, പ്രിൻസിപ്പൽ) ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമെന്നുമാണ് ഇവിടെ വിശദീകരിച്ചിട്ടുള്ളത്.

പോർട്ടലിലെ യൂസർ ലോഗിനുകൾ

- Student Login
- Subject Teacher Login
- Nodal Teacher Login
- hsCap School Login
- vhsCap School Login എന്നിങ്ങനെ വിവിധ ലോഗിനുകളിലായി വ്യത്യസ്ത ടൂളുകളാണ് ക്രമീകരിച്ചിട്ടുള്ളത്.

Student Login നാണ് വെബ്പോർട്ടലിൽ Default ആയി ക്രമീകരിച്ചിട്ടുള്ളത്, മറ്റ് ഉപയോക്താക്കൾ അവരുടെ ലോഗിൻ തിരഞ്ഞെടുത്തശേഷമാണ് യൂസർ നാമവും പാസ്വേർഡും നൽകേണ്ടത്.

- **Student Login:–** പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ സ്കൂളുകളിൽ പതിനൊന്ന് പന്ത്രണ്ട് ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ലോഗിൻ ചെയ്യുന്നതിനുള്ള സൗകര്യം. കുട്ടികളുടെ യൂസർ നാമവും, പാസ്‌വേർഡും അവർ പഠിക്കുന്ന സ്കൂളിൽ നിന്നും ലഭിക്കുന്നതാണ്.
- **Subject Teacher Login :–** ഓരോ വിഷയവും പഠിപ്പിക്കുന്ന ടീച്ചറിന് ലോഗിൻ ചെയ്യുന്നതിനുള്ള സൗകര്യം. School/Nodal Teacher ലോഗിനിൽ നിന്നും ഇവർക്കാവശ്യമായ യൂസർനാമവും, പാസ്‌വേർഡും തയ്യാറാക്കി നൽകേണ്ടതാണ്.
- **Nodal Teacher Login:–** സ്കൂളിലെ Key to Entrance ന്റെ ചുമതലയുള്ള ടീച്ചറിന് ലോഗിൻ ചെയ്യുന്നതിനുള്ള സൗകര്യം. പ്രിൻസിപ്പൽ ചുമതലപ്പെടുത്തിയ Teacher ആണ് Nodal Teacher ലോഗിനുപയോഗിക്കേണ്ടത്. ഇവർക്കാവശ്യമായ യൂസർനാമം, പാസ്‌വേർഡ് എന്നിവ പ്രിൻസിപ്പലിന്റെ (hsCap School Login) ലോഗിനിൽ നിന്നും ക്രമീകരിക്കാവുന്നതാണ്.
- **hsCap School Login:–** hsCap portal ൽ ലോഗിൻ ചെയ്യുന്നതിനുപയോഗിക്കുന്ന യൂസർ നാമവും, പാസ്‌വേർഡും ഉപയോഗിച്ച് സ്കൂൾ പ്രിൻസിപ്പലിന് പോർട്ടലിൽ ലോഗിൻ ചെയ്യുന്നതിനുള്ള സൗകര്യം.
- **vhsCap School Login:–** vhsCap portal ൽ ലോഗിൻ ചെയ്യുന്നതിനുപയോഗിക്കുന്ന യൂസർ നാമവും, പാസ്‌വേർഡും ഉപയോഗിച്ച് വി എച്ച് എസ് സി പ്രിൻസിപ്പലിന് പോർട്ടലിൽ ലോഗിൻ ചെയ്യുന്നതിനുള്ള സൗകര്യം.


സ്കൂൾ പ്രിൻസിപ്പൽ ലോഗിൻ

പ്രിൻസിപ്പൽ ലോഗിനും നോഡൽ ടീച്ചർ ലോഗിനും സ്കൂളിന്റെ admin ലോഗിനായാണ് സജ്ജീകരിച്ചിരിക്കുന്നത്. സ്കൂളിൽ പഠിക്കുന്ന മുഴുവൻ കുട്ടികളുടെയും അധ്യാപകരുടെയും വിവരങ്ങളും ഈ ലോഗിനുകളിൽ ലഭ്യമാണ്. Batch Management, Teacher Management, Nodal Teacher, Student Management, Exam & Score Entry, Samagra Class Room എന്നിങ്ങനെയുള്ള വിവിധ വിഭാഗങ്ങൾ admin ലോഗിനിൽ ലഭ്യമാകും. കുട്ടികൾക്ക് ആദ്യമായി മുകുളം പോർട്ടലുപയോഗിക്കുന്നതിന് അവരുടെ പാസ്‌വേർഡ് തയ്യാറാക്കി നൽകേണ്ടതുണ്ട്. സ്കൂളിന്റെ അഡ്മിൻ ലോഗിനിൽ ഇത് തയ്യാറാക്കാവുന്നതാണ്.

സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളും hsCap പോർട്ടലിലെ സ്കൂൾ യൂസർ നാമവും പാസ്‌വേർഡുമാണ് മുകുളം പോർട്ടലിൽ ലോഗിൻ ചെയ്യുന്നതിനും ഉപയോഗിക്കേണ്ടത്. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ vhsCap പോർട്ടലിലെ യൂസർ നാമവും പാസ്‌വേർഡുമാണ് ഉപയോഗിക്കേണ്ടത്.



- https://mukulam.kite.kerala.gov.in/ എന്നതാണ് പോർട്ടൽ ലഭിക്കുന്നതിനുള്ള വെബ് അഡ്രസ്
- പോർട്ടലിൽ വലതുവശത്ത് മുകളിൽ കാണുന്ന **Login** ൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന window യിൽ അനുയോജ്യമായവ (hsCap School Login/vhsCap School Login) തിരഞ്ഞെടുത്ത് യൂസർ നാമവും പാസ്‌വേർഡും നൽകി ലോഗിൻ ചെയ്യുക.




- hsCap School Login/ vhsCap School Login തിരഞ്ഞെടുക്കുക
- ജില്ല തിരഞ്ഞെടുക്കുക
- hscap ൽ സ്കൂൾ Login ചെയ്യുന്നതിനുപയോഗിക്കുന്ന Username (ഉദാ: 7146_adm) ഉം password ഉം നൽകുക
- Captcha നൽകുക
- Login

പ്രിൻസിപ്പൽ ലോഗിനിൽ എന്തെല്ലാം സൗകര്യങ്ങളാണ് നൽകിയിരിക്കുന്നതെന്ന് ചുവടെ വിശദമാക്കുന്നു.

1. Dashboard


സ്കൂളിന്റെ hsCap/vhsCap നാമവും, പാസ്‌വേർഡും ഉപയോഗിച്ച് പോർട്ടലിൽ ലോഗിൻ ചെയ്യുമ്പോൾ ഇടതുവശത്തെ Main Menu ൽ നിരവധി Option കൾ നൽകിയിട്ടുണ്ട്. ഇതിൽ Dashboard ൽ **Student Management, Exam & Score Entry, Class Room** എന്നിങ്ങനെ മൂന്ന് വിഭാഗങ്ങൾ കാണാം.

- **Student Management:** - കുട്ടികളുടെ ലോഗിൻ പാസ്‌വേർഡ് തയ്യാറാക്കുന്നതിനും റീസെറ്റ് ചെയ്യുന്നതിനുമുള്ള സൗകര്യം
- **Exam & Score Entry:** - മുകുളം പോർട്ടലിലെ കുട്ടികളുടെ പരീക്ഷാ റിസൾട്ടുകൾ കാണുന്നതിനും ക്ലാസ് ടെസ്റ്റുകൾ ടേം പരീക്ഷകൾ തുടങ്ങിയവയുടെ മാർക്കുകൾ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം
- **Class Room: -** എ ഐ(AI) സാങ്കേതികവിദ്യാ സൗകര്യത്തോടെ പഠനപ്രവർത്തനങ്ങൾ ഉപയോഗിക്കുന്നതിനുള്ള സൗകര്യം



1.1 Student Management

കുട്ടികൾക്ക് ആദ്യമായി ലോഗിൻ ചെയ്യുന്നതിനാവശ്യമായ പാസ്‌വേർഡ് സ്കൂൾ ലോഗിനിൽ നിന്നും തയ്യാറാക്കി നൽകേണ്ടതുണ്ട്. hsCap/vhsCap ലെ കുട്ടികളുടെ Register Number ആണ് അവർ Username ആയി ഉപയോഗിക്കേണ്ടത്.




- **Student Management** ലെ **Manage Students** ൽ ക്ലിക്കുചെയ്യുമ്പോൾ ലഭിക്കുന്ന window ൽ **Not Registered, Registered, Blocked** എന്നിങ്ങനെ മൂന്ന് Tab കൾ കാണാം.
    - **Not Registered :** ഇതുവരെ പോർട്ടലിൽ ലോഗിൻ ചെയ്ത് രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കുട്ടികളുടെ വിവരങ്ങളാണ് ലഭിക്കുന്നത്. അവർക്ക് ലോഗിൻ ചെയ്യുന്നതിനുള്ള സൗകര്യം നാം ഒരുക്കണം.
    - **Registered :** ലോഗിൻ ചെയ്ത് രജിസ്ട്രേഷൻ പൂർത്തീകരിച്ച കുട്ടികളുടെ വിവരങ്ങളാണ് ലഭിക്കുന്നത്. സ്കൂളിൽ നിന്നും നൽകിയ യൂസർനാമവും പാസ്‌വേർഡും ഉപയോഗിച്ച് പോർട്ടലിൽ ലോഗിൻ ചെയ്ത് പ്രൊഫൈൽ അപ്ഡേറ്റ് ചെയ്ത എല്ലാവരെയും ഇവിടെ ലഭ്യമാകും.
    - **Blocked :** സ്കൂളിൽ നിന്നും block ചെയ്തിരിക്കുന്ന കുട്ടികളുണ്ടെങ്കിൽ അവരുടമാത്രം വിവരങ്ങൾ ലഭിക്കും. Block ചെയ്തിരിക്കുന്നതിനാൽ ഇവർക്ക് ലോഗിൻ ചെയ്യാനാവില്ല.


കുട്ടികളുടെ ലോഗിൻ പാസ്‌വേർഡ്

Student Management ൽ **Not registered** എന്ന tab ലുള്ള കുട്ടികൾ ഇതുവരെ പോർട്ടലിൽ ലോഗിൻ ചെയ്യാത്തവരായിരിക്കും. ഇതിലെ ഓരോ കുട്ടിക്കും പ്രത്യേകം പാസ്‌വേർഡ് തയ്യാറാക്കുന്നതിനും എല്ലാവർക്കും ഒരുമിച്ച് പാസ്‌വേർഡ് തയ്യാറാക്കുന്നതിനുമുള്ള സൗകര്യം ഇവിടെ ലഭ്യമാണ്. സ്കൂളിൽ എല്ലാവർക്കും ഒരേ പാസ്‌വേർഡ് തയ്യാറാക്കുന്ന സൗകര്യം ഉപയോഗിച്ച് ആവശ്യമെങ്കിൽ പ്രവർത്തനം ലളിതമാക്കാവുന്നതാണ്.

- കുട്ടികളുടെ Username അവരുടെ hsCAP Registration Number (ഉദാ: 9101103078) ആയിരിക്കും. ഇത് ആവശ്യമെങ്കിൽ സ്കൂൾ ലോഗിനിൽ നിന്നും അവർക്ക് നൽകേണ്ടതാണ്. ഈ നമ്പറും പൊതുവായി തയ്യാറാക്കുന്ന പാസ്‌വേർഡും എല്ലാവർക്കും നൽകേണ്ടതുണ്ട്. മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുമാത്രമല്ല അവരുടെ ക്ലാസ് റൂം പഠനത്തിനും ഇതേ പോർട്ടലിലെ സൗകര്യമാണ് ഉപയോഗിക്കുന്നതെന്നതിനാൽ എല്ലാവർക്കും ലോഗിൻ തയ്യാറാക്കി നൽകുവാൻ ശ്രദ്ധിക്കണം.


- കുട്ടികൾക്ക് പൊതുവായ password തയ്യാറാക്കുന്നതിന് **Not registered** എന്ന tab ലെ **Bulk Credential Setup** ൽ നേരെ **Generate Common Password** എന്ന ബട്ടൺ ഉപയോഗിക്കുക. ഇതിൽ ക്ലിക്ക് ചെയ്താൽ എല്ലാ കുട്ടികൾക്കുമായി ഒരു Common password തയ്യാറാക്കാം.






- സ്കൂൾ ലോഗിനിൽ ഒരിക്കൽ common password തയ്യാറാക്കിയാൽ പിന്നീട് **Generate Common Password** എന്ന ബട്ടൺ ലഭ്യമാകില്ല, അതേ സ്ഥാനത്ത് Current Common password ൽ നേരെ നാം തയ്യാറാക്കിയ password ആയിരിക്കും ലഭ്യമാകുന്നത്. ഇതിനോടൊപ്പമുള്ള Eye icon ൽ ക്ലിക്കുചെയ്ത് ഈ password കാണാം. കുട്ടികൾക്ക് എല്ലാവർക്കും ഈ password നൽകിയാൽ മതിയാകും.


- **Not registered** എന്ന tab ൽ **CURRENT COMMON PASSWORD ******** ൽ ലഭിക്കുന്ന common password ഉം അവരവരുടെ hsCAP Registration Number **(ഉദാ: 9101103078)** username ആയും ഉപയോഗിച്ച് കുട്ടികളെല്ലാവരും ആദ്യമായി ലോഗിൻ ചെയ്യാൻ നിർദ്ദേശിക്കണം.



- പൊതുവായി ഒരു പാസ്സ്‌വേർഡ് സെറ്റ് ചെയ്തിരിക്കുന്നത് എല്ലാവരും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം എളുപ്പമാക്കുന്നതിനാണ്. ഇതുപയോഗിച്ച് ഓരോ കുട്ടിയും ലോഗിൻ ചെയ്യുമ്പോൾ അവരുടേതായ വിവരങ്ങൾ ശരിയായി നൽകി ലോഗിൻ പൂർത്തിയാക്കാൻ ആവശ്യപ്പെടണം. സ്കൂൾ ലാബിലെ സൗകര്യം കുട്ടികൾക്ക് ഇതിനായി ക്രമീകരിക്കാവുന്നതാണ്.
- Common Password തയ്യാറാക്കുന്നതിനുപകരം ഓരോ കുട്ടിക്കും അവരുടേതായ password ഉം തയ്യാറാക്കി നൽകാം. Not Registered tab ൽ കുട്ടിയുടെ പേരിനുനേരെയുള്ള Action ബട്ടണിൽ ക്ലിക്ക് ചെയ്താൽ ലഭിക്കുന്ന Reset password ഉപയോഗിച്ച് ഓരോ കുട്ടിക്കുമുള്ള password തയ്യാറാക്കാം. **ഏതെങ്കിലും കുട്ടിക്ക് ലോഗിൻ ചെയ്യാൻ കഴിയാതെവന്നാൽ അവരുടെ മാത്രം പാസ്‌വേർഡ് Not Registered ടാബിലിലെ Reset Password ഉപയോഗിച്ച് മാറ്റി നൽകുക.**




- കുട്ടികൾ ആദ്യമായി ലോഗിൻ ചെയ്യുമ്പോൾ നിലവിലെ common പാസ്‌വേർഡ് നൽകുകയും തുടർന്ന് ഒരു പുതിയ പാസ്‌വേർഡ് തയ്യാറാക്കുകയും വേണം. Password ൽ ചുരുങ്ങിയത് 8 ക്യാരക്ടറുകളെങ്കിലും ഉണ്ടായിരിക്കണം. പുതിയ പാസ്‌വേഡ് സെറ്റ് ചെയ്യുന്നതോടെ ഓരോ കുട്ടിക്കും അവർ തയ്യാറാക്കുന്ന പാസ്‌വേർഡുപയോഗിച്ച് മാത്രമായിരിക്കും പിന്നീട് ലോഗിൻ ചെയ്യാൻ കഴിയുക.




കുട്ടികളുടെ പാസ്‌വേർഡ് റീസെറ്റ്

Register ചെയ്ത കുട്ടികൾക്ക് ഏതെങ്കിലും കാരണവശാൽ പാസ്‌വേർഡ് നഷ്ടപ്പെടുകയാണെങ്കിൽ അവർ ആവശ്യപ്പെടുന്ന പക്ഷം സ്കൂൾ ലോഗിനിൽ നിന്നും ഇത് റീസെറ്റ് ചെയ്ത് കൊടുക്കാവുന്നതാണ്. അപ്പോൾ **CURRENT COMMON PASSWORD** അല്ല നൽകേണ്ടത്.

- **Registered** Tab ൽ അവരുടെ പേരിനുനേരെ ലഭ്യമാകുന്ന Action ൽ Reset Password ലെ Generate New Password ഉപയോഗിച്ച് പുതിയ password തയ്യാറാക്കി നൽകണം. ഇത് ഒരിക്കൽ ലോഗിൻ ചെയ്തവർക്കാണ് അല്ലാത്തവർക്ക് **NOT REGISTERED** ലെ **RESET PASSWORD** ഉപയോഗിക്കണം.
- എല്ലാ കുട്ടികൾക്കും മുകുളം പോർട്ടൽ ഉപയോഗിക്കുന്നതിനാവശ്യമായ യൂസർനെയിമും പാസ്‌വേർഡും ലഭിച്ചുവെന്ന് പ്രിൻസിപ്പലും ചുമതലയുള്ള അധ്യാപകരും ഉറപ്പുവരുത്തേണ്ടതാണ്.
- കുട്ടി ആദ്യമായി ലോഗിൻ ചെയ്യുമ്പോൾ password മാറ്റുന്നതിനുള്ള സൗകര്യം ലഭിക്കും. തുടർന്ന് ലഭ്യമാകുന്ന window ൽ Complete Student Registration ലെ Personal Details ശരിയായ രീതിയിൽ പൂരിപ്പിച്ച് Complete Registration എന്ന ബട്ടണുപയോഗിച്ച് Registration പൂർത്തിയാക്കണം. ഈ വിവരങ്ങൾ ഏതെങ്കിലും കാരണവശാൽ കുട്ടികൾ തെറ്റ് വരുത്തിയാൽ സ്കൂൾ ലോഗിനിൽ അവ ശരിയാക്കാവുന്നതാണ്.




- ഈ ജാലകത്തിൽ വിവരങ്ങൾ നൽകി Complete Registration ചെയ്തിട്ടുള്ള കുട്ടികളുടെ പേരുകൾ സ്കൂൾ ലോഗിനിലെ Registered എന്ന Tab ൽ ലഭ്യമാകും.
- സ്കൂൾ ലോഗിനിലെ **Registered** tab ൽ ഓരോ കുട്ടിയുടെയും Profile details കാണിക്കുന്നതിനൊപ്പം പഠനപ്രവർത്തനത്തിന്റെയും അവലോകനം ലഭിക്കുന്നതാണ്.



കുട്ടികളുടെ ഡിവിഷൻ ക്രമീകരണം

കുട്ടികളെ വിവിധ ഡിവിഷനിലേയ്ക്ക് ക്രമീകരിക്കുന്നതിന് Registered tab ൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

- Filter ൽ Class -> Stream -> All Batches ൽ ആ Stream ലെ എല്ലാ കുട്ടികളെയും ലഭ്യമാകും. ഇവരിൽ കുറച്ചധികം കുട്ടികളെ മറ്റൊരു Division നിലേക്ക് മാറ്റേണ്ടതുണ്ടെങ്കിൽ, ഇടതുവശത്തെ check box ഉപയോഗിച്ച് അവരെ തിരഞ്ഞെടുത്ത് മുകളിലുള്ള Bulk Assign Division ൽ ആ ബാച്ചിന്റെ പേര് നൽകിയശേഷം Apply to selected ൽ ക്ലിക്ക് ചെയ്യുന്നതോടെ അവർ എല്ലാവരും ആ ഡിവിഷനിലേക്ക് മാറുന്നു.



- **ഓരോ സ്കൂളിലും ആവശ്യമുള്ള ഡിവിഷനുകൾ തയ്യാറാക്കുന്നതെങ്ങനെയെന്ന് ചുവടെ(Manage Batches ൽ) വിശദമാക്കിയിട്ടുണ്ട്.**


- ഒന്നോ രണ്ടോ കുട്ടികളുടെ ഡിവിഷൻ മാറ്റുന്നതിന് അവരുടെ പേരിനുനേരെ കാണുന്ന Assigned Division ൽ മാറ്റി നൽകിയാൽ മതിയാകും.

സ്റ്റുഡന്റ് ക്രമീകരണങ്ങളും അവലോകനവും


Registered ലെ കുട്ടിയുടെ പേരിനുനേരെയുള്ള Action ൽ കൂടുതൽ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ ഓരോന്നും ആവശ്യമായ അവസരത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

- **Edit Detail :** കുട്ടികളുടെ profile details തിരുത്തുന്നതിന്.

- **Reset Password :** Registration പൂർത്തീകരിച്ച കുട്ടികളുടെ password reset ചെയ്യുന്നതിന്.
- **Block Access :** ആവശ്യമെങ്കിൽ കുട്ടികളുടെ ലോഗിൻ നിയന്ത്രിക്കുന്നതിന്.
- **View Analytics :** കുട്ടികൾ പങ്കെടുത്ത പരീക്ഷകൾ വിശകലനം ചെയ്യുന്നതിന്.





- **Samagra Learning Room :** സമഗ്ര പ്ലസ് ലേണിങ് റൂമിലെ കുട്ടിയുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിന്. Topic wise Performance Analysis ഉം ഇതിൽ ലഭ്യമാക്കിയിട്ടുണ്ട്.



1.2 Exam & Score Entry

സ്കൂളിൽ നടത്തുന്ന മുഴുവൻ പരീക്ഷകളുടെയും മാർക്കുകൾ അവലോകനം ചെയ്യുന്നതിനുള്ള സൗകര്യമാണിത്. Exam & Score ലെ Manage Exams ൽ കുട്ടികളുടെ എല്ലാ Exam കളുടെും score ഉൾപ്പെടുത്തുന്നതിനും അവയുടെ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും Analysis നുമുള്ള സൗകര്യമുണ്ട്. ഓരോ കുട്ടിയുടെയും പരീക്ഷകളുടെ വിശദമായ Analysis ഉം ഇവിടെ സാധ്യമാകുന്നതാണ്.







1.3 Class Room


അധ്യാപകർക്ക് പഠനസൂത്രണത്തിനാവശ്യമായ റിസോഴ്സുകളും ക്ലാസെടുക്കുന്നതിന് പ്രയോജനകരമായ Samagra Canvas തുടങ്ങിയവയും Class Room ലെ Go To Class Room ൽ ലഭ്യമാണ്.

Go To Class Room ൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന ജാലകത്തിൽ നിന്നും Plus One/ Plus Two തിരഞ്ഞെടുക്കുക.






തുടർന്ന് അധ്യാപകൻ പഠിപ്പിക്കുന്ന വിഷയം തിരഞ്ഞെടുത്താൽ ആ വിഷയത്തിലെ റിസോഴ്സുകളും പഠനപ്രവർത്തനങ്ങൾക്ക് സഹായിക്കുന്ന ടൂളുകളും ചോദ്യബാങ്കുകളും ലഭ്യമാകും.




Physics തിരഞ്ഞെടുത്താൽ ആ വിഷയത്തിലെ ഓരോ Chapter ലെയും ടോപ്പിക്കുകളും അവയുടെ റിസോഴ്സുകളും ചോദ്യങ്ങളുമൊക്കെ ലഭ്യമാകും.



ഇതു സംബന്ധിച്ച് വിശദമായി അധ്യാപകർക്കുള്ള സഹായ ഫയലിൽ വിശദമാക്കിയിട്ടുണ്ട്.

2. Manage Batches


സ്കൂൾ ലോഗിനിൽ ഇടതുഭാഗത്ത് നൽകിയിരിക്കുന്ന Main Menu ൽ Mange Batches ൽ നിന്നും സ്കൂളിലെ Stream Manage ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാകും.



Active Streams ൽ എല്ലാ Stream കളും അവയിലെ ഓരോ Batch(A) ഉം ലഭ്യമാകും. Commerce, Computer Science, Humanities, Science എന്നിവയാണ് ആദ്യ ഘട്ടത്തിൽ നൽകിയിട്ടുള്ളത്. ബാക്കിയുള്ളവ റിസോഴ്സുകൾ തയ്യാറാവുന്നതനുസരിച്ച് കൂട്ടിച്ചേർക്കുന്നതാണ്. ഇവിടെ ലഭ്യമായ stream


കളിൽ നിന്നും ഓരോ സ്കൂളും അവർക്ക് അനുവദിച്ചിട്ടുള്ള Stream കൾ മാത്രം നിലനിർത്തുകയും അനുവദിച്ചിട്ടില്ലാത്തവ അതിനു തൊട്ടടുത്തുള്ള ബട്ടണുപയോഗിച്ച് Disable ചെയ്യേണ്ടതുമാണ്.

- ഓരോ Stream ലും ആവശ്യമായ Batch കൾ വലതുവശത്തുള്ള "Add Batch" സൗകര്യമുപയോഗിച്ച് കൂട്ടിച്ചേർക്കാവുന്നതാണ്.
- നിലവിലെ Batch ന്റെ പേര് അതിൽ ക്ലിക്ക് ചെയ്ത് മാറ്റം വരുത്താവുന്നതാണ്.
- Batch ലേയ്ക്ക് കുട്ടികളെ ക്രമീകരിക്കുന്നത് **Registered** ടാബിൽ വിശദമാക്കിയിട്ടുണ്ട്.
- Science Stream ലെ Class 12 ൽ S2 എന്ന ബാച്ച് ചേർക്കുന്നതാണ് ചിത്രത്തിൽ നൽകിയിരിക്കുന്നത്. ഇതേ മാതൃകയിൽ സ്കൂളിലെ എല്ലാ ബാച്ചുകളും ഓരോന്നായി തയ്യാറാക്കണം. നിലവിൽ ലഭ്യമായ ബാച്ചുകളുടെ പേരുകൾ അതിൽ ക്ലിക്ക് ചെയ്ത് മാറ്റം വരുത്തുകയുമാകാം.



3. Nodal Teachers

സ്കൂൾ ലോഗിനിൽ ഇടതു ഭാഗത്ത് നൽകിയിരിക്കുന്ന Main Menu ൽ Nodal **Teachers** ൽ നിന്നും സ്കൂളിന്റെ നോഡൽ ടീച്ചറുടെ ലോഗിൻ വിശദാംശങ്ങൾ കാണുന്നതിനും പാസ്‌വേർഡ് തയ്യാറാക്കുന്നതിനും(Reset Password ഉപയോഗിച്ച്) കഴിയുന്നതാണ്.




4. Subject Teachers


സ്കൂളിലെ എല്ലാ അധ്യാപകർക്കും ലോഗിൻ തയ്യാറാക്കി നൽകേണ്ടതുണ്ട്. പ്രിൻസിപ്പൽ ലോഗിനിൽ ഇടതു ഭാഗത്ത് നൽകിയിരിക്കുന്ന Main Menu ൽ **Subject Teachers** ൽ നിന്നും സ്കൂളിലെ എല്ലാ അധ്യാപകർക്കും ലോഗിൻ തയ്യാറാക്കുന്നതിനുള്ള സൗകര്യം ലഭ്യമാകും. ഇടതുവശത്തുള്ള **Subject Teachers** ൽ സ്കൂളിലെ എല്ലാ അധ്യാപകരുടെയും യൂസർ വിശദാംശങ്ങൾ കാണാം. വിവരങ്ങൾ ലഭ്യമല്ലെങ്കിൽ ഓരോ അധ്യാപകനെയും PEN ഉപയോഗിച്ച് നമ്മുടെ സ്കൂളിലേക്ക് ഉൾപ്പെടുത്താവുന്നതാണ്.

വലതുവശത്ത് മുകളിലുള്ള Add Teachers ൽ ക്ലിക്ക് ചെയ്ത് പുതിയ യൂസറായി അധ്യാപകരെ ചേർക്കാവുന്നതാണ്. ഇത്തരത്തിൽ സ്കൂളിലെ മുഴുവൻ Subject Teachers നും ലോഗിൻ തയ്യാറാക്കി നൽകണം. ഓരോ യൂസറുടെയും നേരെ വലത്തെയറ്റത്ത് Action button ൽ അവരുടെ password reset ചെയ്യുന്നതിനും വിവരങ്ങൾ Edit ചെയ്യുന്നതിനും കഴിയും.


- Personal Details, Subject and Batch Assignment ലെയും എല്ലാം വിവരങ്ങളും നൽകുക.
- Username ആയി PEN നൽകുക. ഇവിടെ നൽകിയിട്ടുള്ള Check ബട്ടൺ ഉപയോഗിച്ച് ടീച്ചറുടെ വിവരങ്ങൾ ചേർക്കാവുന്നതാണ്. Check ചെയ്യുമ്പോൾ വിവരങ്ങൾ ലഭ്യമല്ലെങ്കിൽ പുതുതായി ടീച്ചറുടെ വിവരങ്ങൾ ചേർത്തുനൽകിയും ഉൾപ്പെടുത്താവുന്നതാണ്.



- ഒരു ടീച്ചർക്ക് Subjects, Batches എന്നിവ ഒന്നിലധികം ചേർക്കാവുന്നതാണ്. ഓരോ അധ്യാപകരും പഠിപ്പിക്കുന്ന ക്ലാസുകൾക്കനുസരിച്ച് ഇവ നൽകുക.




- Create Teacher Account ൽ ക്ലിക്കുചെയ്ത് user തയ്യാറാക്കുമ്പോൾ ആ ലോഗിനാവശ്യമായ താൽക്കാലിക പാസ്‌വേർഡ് Auto generate ആയി ലഭ്യമാകുന്നതാണ്.
- അധ്യാപകർക്ക് അവരുടെ PEN യൂസർനാമമായും Auto generate ആയി PEN നോടൊപ്പം ലഭിക്കുന്ന പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതാണ്.




5. Entrance Exam Results


സ്കൂൾ ലോഗിനിൽ ഇടതുഭാഗത്ത് നൽകിയിരിക്കുന്ന Main Menu ലെ **Entrance Exam Results** ൽ നിന്നും സ്കൂളിലെ എല്ലാ കുട്ടികളുടെയും പ്രവേശന പരീക്ഷാ പരിശീലനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാകും.



- വിഷയാടിസ്ഥാനത്തിൽ പരീക്ഷകളെ സോർട്ട് ചെയ്യാം.
- ഓരോ പരീക്ഷയിലും പങ്കെടുത്തവരുടെ വിശദാംശങ്ങൾ View Results ൽ ലഭ്യമാകും




- View Results ൽ നിന്നും ലഭിക്കുന്ന ജാലകത്തിൽ പരീക്ഷാ ചോദ്യങ്ങൾ കാണുന്നതിനും പരിശോധിക്കുന്നതിനും Eye icon ഉപയോഗിക്കാം.
- കുട്ടിയുടെ പേരിനുനേരെ View Exam Result ലെ Eye icon ൽ അവരുടെ Exam Sheet ഉം ലഭിക്കും. പരീക്ഷയിലെ ചോദ്യങ്ങളും ശരിയായ ഉത്തരവും അവർ നൽകിയ ഉത്തരവും അടങ്ങിയതാണിത്.



കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ അധ്യാപകർക്ക് വിലയിരുത്തൽ നടത്തി കുട്ടികൾക്കാവശ്യമായ സഹായം ചെയ്യുന്നതിനാണ് ഈ സൗകര്യങ്ങൾ നൽകിയിരിക്കുന്നത്.

6. Exam Score Entry



സ്കൂളിൽ നടത്തിയ വിവിധ പരീക്ഷകളുടെയും എല്ലാ അധ്യാപകരും നടത്തിയ ക്ലാസ് ടെസ്റ്റുകളുടെയും സ്കോറുകൾ ടീച്ചർമാർക്ക് രേഖപ്പെടുത്തുന്നതിനാവശ്യമായ ക്രമീകരണം നടത്തുന്നതിനും വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും അവ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം. ടീച്ചർമാർക്കുള്ള യൂസർഗൈഡിൽ ഇവ വിശദീകരിച്ചിട്ടുണ്ട്.

7. Samagra Class Room

ഇതേ മൊഡ്യൂളിൽ 1.3 ൽ വിശദമാക്കിയവയാണ് ഇവിടെ നേരിട്ട് ലഭ്യമാകുന്നത്.

Nodal Teacher Login

മുകുളം പോർട്ടലിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് എല്ലാം സ്കൂളിലും ഒരു ടീച്ചറെ പ്രിൻസിപ്പലിന് ചുമതലപ്പെടുത്താവുന്നതാണ്. ഇങ്ങനെ തിരഞ്ഞെടുക്കുന്ന Nodal Teacher ന് ലോഗിൻ ചെയ്യുന്നതിനുള്ള യൂസർനാമം, പാസ്‌വേർഡ് എന്നിവ പ്രിൻസിപ്പൽ ലോഗിനിൽ നിന്നും ലഭ്യമാകുന്നതാണ്. **പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി Nodal Teacher ന്റെ ലോഗിനും സ്കൂളിലെ Admin Login ആയി പരിഗണിച്ചിട്ടുള്ളതിനാൽ മുകളിൽ വിശദീകരിച്ചിരിക്കുന്ന hsCap Login ലെ** *(Nodal Teacher ന്റെ പാസ്‌വേർഡ് റീസെറ്റ് ചെയ്യുന്നതൊഴികെയുള്ളവ)* **എല്ലാ സൗകര്യങ്ങളും Nodal Teacher Login ലും ലഭിക്കുന്നതാണ്.** എന്നാൽ പോർട്ടലിൽ Login തിരഞ്ഞെടുക്കുമ്പോൾ Nodal Teacher Login ഉപയോഗിക്കണം. അവർക്ക് നൽകിയിട്ടുള്ള യൂസർ നാമവും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്തുകഴിഞ്ഞാൽ ലഭ്യമാകുന്ന സൗകര്യങ്ങളെല്ലാം മുകളിൽ പ്രിൻസിപ്പൽ ലോഗിനിൽ നൽകിയിട്ടുള്ളവ തന്നെയാണ്.

